**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3824** **06-08-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ സംരക്ഷണത്തിനായി സാമൂഹ്യ വനവൽക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ തീരദേശ പഞ്ചായത്തുകളിൽ തീര സംരക്ഷണത്തിനായി നടപ്പിലാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതിയെ സംബന്ധിച്ച് വിശദമാക്കാമോ; | (എ) | തീര സംരക്ഷണത്തിന്റെ ഭാഗമായി കടൽത്തീരത്തെ തനതായ സസ്യവിഭവങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ജൈവകവചം സൃഷ്ടിക്കുവാനുള്ള പദ്ധതികൾ പരിഗണനയിലാണ്. |
| (ബി) | വലപ്പാട്, നാട്ടിക, തളിക്കുളം പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | വലപ്പാട് പഞ്ചായത്തിലെ കഴിമ്പ്രം, പാലപ്പെട്ടി ഭാഗങ്ങളിൽ 2017-18, 2018-19 കാലയളവിൽ കാറ്റാടിത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| (സി) | സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന ചെടികൾ സംരക്ഷിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത ചെടികൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും, സംഘടനകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. വനം വകുപ്പ് നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം വനം വകുപ്പ് തന്നെ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ